**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1843** **08-02-2023 - ൽ മറുപടിയ്ക്ക്**

**വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങളും നിയന്ത്രണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി. നന്ദകുമാർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | റോഡ് അപകടങ്ങൾ പല കാരണങ്ങൾ മൂലമാണ് ഉണ്ടാകുന്നത്. റോഡ് സംബന്ധമായവ, വാഹന സംബന്ധമായവ, ഡ്രൈവർ സംബന്ധമായ കാരണങ്ങളാണ് ഇവയിൽ മുഖ്യമായത്. ഇവയിൽ ഒന്നിലധികം കാരണങ്ങൾ കൊണ്ടാണ് മിക്കപ്പോഴും റോഡ് അപകടങ്ങൾ ഉണ്ടാകുന്നത്.<br><br>സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം 2022-ൽ സംഭവിച്ച 57% അപകടങ്ങളുടെയും കാരണം അമിത വേഗതയാണ്. മദ്യപിച്ച് വാഹനം ഓടിക്കുക, തെറ്റായ ദിശയിൽ വാഹനം ഓടിക്കുക, റോഡിന്റെ ശോച്യാവസ്ഥ, ഡ്രൈവറുടെ അശ്രദ്ധ, എതിരെ വരുന്ന വാഹനത്തിന്റെ ഹെഡ് ലൈറ്റിന്റെ അമിത പ്രകാശം തുടങ്ങിയവയാണ് മറ്റ് കാരണങ്ങൾ .<br><br>സംസ്ഥാനത്ത് ഉണ്ടാകുന്ന വാഹനാപകടങ്ങളിൽ ശരാശരി 40 ശതമാനത്തോളം ഇരുചക്ര വാഹനങ്ങളുമായി ബന്ധപ്പെട്ടവയാണ്. ഇരുചക്ര വാഹനങ്ങൾ ഓടിക്കുന്നവരുടെ, പ്രത്യേകിച്ച് യുവാക്കളുടെ അമിത വേഗത, അലക്ഷ്യവും, അശ്രദ്ധവുമായ വാഹനമോടിക്കൽ, മദ്യപിച്ചും മയക്ക് മരുന്ന് ഉപയോഗിച്ചുള്ള വാഹനമോടിക്കൽ തുടങ്ങിയവയാണ് ഇരുചക്ര വാഹനങ്ങൾ കൂടുതലായി അപകടങ്ങളിൽപ്പെടുന്നതിന് കാരണമായിട്ടുള്ളത്.<br><br>കോവിഡിന്റെ ഭീതി പൂർണ്ണമായും വിട്ടുമാറാത്ത സാഹചര്യത്തിൽ പൊതുഗതാഗതം ഒഴിവാക്കി സ്വകാര്യ വാഹനങ്ങൾ കൂടുതലായി ഉപയോഗിക്കുന്നതിനാൽ നിരത്തുകളിൽ ഓടുന്ന വാഹനങ്ങളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതും ഒരു പരിധിവരെ അപകടങ്ങൾ വർദ്ധിപ്പിക്കുവാൻ ഇടയായിട്ടുണ്ട്.<br><br>ഇതു കൂടാതെ ചരക്കു വാഹനങ്ങളുടെ അമിത ഭാരം കയറ്റിയുള്ള യാത്ര, അമിത വേഗത, മതിയായ വിശ്രമമില്ലാതെ വാഹനമോടിക്കുക തുടങ്ങിയവയും അപകടങ്ങൾ വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്നുണ്ട്. |
| (ബി) | കഴിഞ്ഞ ഒരുവർഷം തിരുവനന്തപുരം നഗരത്തിൽ മാത്രം 165 പേർ വാഹനാപകടത്തിൽ മരണമടഞ്ഞിട്ടുണ്ടെന്ന വസ്തുത ഗൗരവത്തിലെടുത്തുകൊണ്ട് സംസ്ഥാനമൊട്ടാകെ ട്രാഫിക് നിയമ ലംഘനങ്ങൾ കർശനമായി തടയുന്നതിനായി മോട്ടോർവാഹന വകുപ്പ് നടപടിയെടുക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | വാഹനാപകടങ്ങളിൽ മരണ നിരക്ക് കൂടുന്നത് ഒരു വലിയ ആശങ്കയാണ്. ഇരു ചക്ര വാഹനങ്ങൾ ഓടിക്കുമ്പോൾ ഹെൽമറ്റ് ഉപയോഗിക്കാതിരിക്കുക, കാറുകൾ തുടങ്ങിയ മറ്റ് നാല് ചക്ര വാഹനങ്ങൾ ഓടിക്കുമ്പോൾ സീറ്റ് ബെൽറ്റ് ധരിക്കാതിരിക്കുക, മറ്റ് സുരക്ഷാ സംവിധാനങ്ങൾ ഒഴിവാക്കുക മുതലായവയാണ് മരണ നിരക്ക് ഉയരുന്നതിനുള്ള മുഖ്യകാരണങ്ങൾ.<br><br>2018 മുതൽ 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ സംസ്ഥാനത്ത് മോട്ടോർ വാഹന നിയമലംഘനങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കൊപ്പം റോഡ് സുരക്ഷാ ബോധവൽക്കരണവും മോട്ടോർ വാഹന വകുപ്പ് നടത്തിവരുന്നു. പോലീസ് വകുപ്പും, എക്സൈസ് വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി മദ്യവും, മയക്കു മരുന്നും ഉപയോഗിച്ചതിന് ശേഷം വാഹന മോടിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. റോഡ് സുരക്ഷ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) | നിർമ്മിത ബുദ്ധി ക്യാമറകൾ ഉപയോഗിച്ചുകൊണ്ട് ട്രാഫിക് നിയമ ലംഘനങ്ങൾ തടയുന്നതിനായുള്ള പദ്ധതി പ്രവർത്തനസജ്ജമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ? | (സി) | എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് മോട്ടോർ വാഹന വകുപ്പ് സേഫ് കേരള പദ്ധതിയുടെ കീഴിൽ "ആട്ടോമേറ്റഡ് എൻഫോഴ്സ്മെന്റ് സിസ്റ്റം" നടപ്പിലാക്കുവാൻ തീരുമാനിച്ചത്. ഇതിൽ 675 നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ക്യാമറകൾ ഉൾപ്പെടെ 726 ക്യാമറകളും, 14 കൺട്രോൾ റൂമുകളും സജ്ജീകരിച്ചിട്ടുണ്ട്. പ്രസ്തുത സിസ്റ്റം പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ആയത് പ്രവർത്തനക്ഷമമാക്കുന്നതോടെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടാതെ പോകുന്ന നിരവധിയായ ട്രാഫിക് നിയമലംഘനങ്ങൾ കണ്ടെത്തുവാനും നടപടികൾ സ്വീകരിക്കുവാനും |

| | | | |
|---|---|---|---|
| | | | സാധിക്കുന്നതാണ്. ഇതുവഴി റോഡപകടങ്ങൾ ഗണ്യമായി കുറയ്ക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ